**ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഡച്ച് ഗവൺമെന്റിൽ നിന്ന് തുക കൈപ്പറ്റിയെന്ന ആരോപണം**

**67 (3819)** ശ്രീ. എ. കെ. മണി :
ശ്രീ. എ. സുജനപാൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം നടപ്പാക്കി കൊണ്ടിരുന്നപ്പോൾ ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ അതിനെപ്പറ്റി പഠിക്കാനായി സംസ്ഥാനത്ത് എത്തുകയുണ്ടായി ;

(ബി) മുൻ ഗവൺമെന്റ് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഡച്ച് ഗവൺമെന്റിൽ നിന്ന് തുക കൈപ്പറ്റിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് ആരിൽനിന്നെങ്കിലും രേഖാമൂലം എന്തെങ്കിലും ആരോപണം കിട്ടുകയുണ്ടായോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജനകീയാസൂത്രണം നടപ്പിലാക്കിയിരുന്ന കാലഘട്ടത്തിൽ അത് പഠിക്കുവാനും മനസ്സിലാക്കുവാനും കേരളത്തിലെത്തിയിട്ടുള്ള വിദേശ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

1. മാഞ്ചെസ്റ്റർ യൂണിവേഴ്സിറ്റിയിലെ പഠനസംഘം.
2. സ്വിസ് ഏജൻസി ഫോർ ഡവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷനിലെ പ്രതിനിധികൾ.
3. തെക്കെ ആഫ്രിക്കയിൽ നിന്നുള്ള പഠനസംഘം.
4. സ്വീഡൻ പ്രതിനിധികൾ.
5. അമേരിക്കയിലെ മേസൺഡിക്ലേയർ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പഠന സംഘം.
6. ഇംഗ്ലണ്ടിലെ ലോംഗ്ബറോ യൂണിവേഴ്സിറ്റിയിലെ പഠന ഗ്രൂപ്പ്.
7. ഫ്രാൻസിൽ നിന്നുള്ള ടെലിവിഷൻ സംഘം.
8. വിയറ്റ്നാമിൽ നിന്നുള്ള പഠന സംഘം.
9. സ്പെയിനിൽ നിന്നുള്ള പഠന സംഘം.
10. ശ്രീലങ്കൻ പഠനസംഘം.
11. ഹാർവാർഡ് യൂണിവേഴ്സിറ്റി പഠനസംഘം.
12. ലോകബാങ്ക് പ്രതിനിധികൾ

LIBRARY ARCHIVES Kerala Legislative Assembly

13. "ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ ഡെമോക്രാറ്റിക് ഡീസെൻട്രലൈസേഷൻ" എന്ന പേരിൽ നടത്തിയ സമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിയ ബ്രസീൽ, കാനഡ, ചൈന, ക്യൂബ, ഹെയതി, മെക്സിക്കോ, നെതർലാന്റ്, തെക്കേ ആഫ്രിക്ക, ശ്രീലങ്ക, സ്വീഡൻ, അമേരിക്ക, വിയറ്റ്നാം, കൊറിയ മുതലായ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനുള്ള അപേക്ഷകൾ**

**68 (3820)** ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ധാരാളം അപേക്ഷകൾ സെക്രട്ടേറിയറ്റ്, ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ്, വിവിധ ജില്ലാ ടൗൺ പ്ലാനിംഗ് വിഭാഗം എന്നിവിടങ്ങളിൽ കെട്ടിക്കിടക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇത് അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കേരള മുനിസിപ്പാലിറ്റി (1999-ലെ ഭേദഗതി) ആക്ടിലെ 120-ാം വകുപ്പുപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്ന് ഇളവുകൾ നൽകുവാൻ സർക്കാരിനുള്ള അധികാരം ഇല്ലാതായിട്ടുണ്ട്. അതിനാൽ ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വളരെ കുറച്ച് അപേക്ഷകൾ മാത്രമേ ഇപ്പോൾ ലഭിക്കാറുള്ളൂ.

(സി&ഡി) ബിൽഡിംഗ് റൂൾസിൽ നിന്ന് ഇളവുകൾ ഇപ്പോൾ നിയമപരമായി അനുവദനീയമല്ലാത്തതിനാൽ ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കാറുണ്ട്.

**കുടുംബശ്രീ പദ്ധതി**

**69 (3821)** ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്ത വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly